**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **09-10-2024 - ൽ മറുപടിയ്ക്ക്**

**ചേലേമ്പ്ര പഞ്ചായത്തിലെ നഗറുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ചേലേമ്പ്ര പഞ്ചായത്തിലെ നീലിതൊടി നഗർ, ചോലയിൽ പുറായി നഗർ, പള്ളിക്കൽ പഞ്ചായത്തിലെ കുന്നത്ത്പറമ്പ് നഗർ എന്നിവ ഭവനസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ചേലേമ്പ്ര പഞ്ചായത്തിലെ നീലിതൊടി നഗർ ഭവന സുരക്ഷ, ചോലയിൽ പുറായ് നഗർ ഭവന സുരക്ഷ എന്നീ പ്രവൃത്തികൾ വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ പരിഗണിയ്ക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കൊണ്ടോട്ടി ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ കുന്നത്ത് പറമ്പ് നഗർ പട്ടികജാതി വികസന വകുപ്പിന്റെ 2024-25 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിയ്ക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നഗറുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പദ്ധതികളുടെ എസ്റ്റിമേറ്റുകൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ